**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3939** **15-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ ആരോഗ്യ മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും മാറ്റിവെയ്ക്കപ്പെട്ട തുക വിനിയോഗിച്ച് കാസർഗോഡ് ജില്ലയിൽ ആരോഗ്യരംഗത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നിയോജക മണ്ഡലം തിരിച്ച് വിശദമാക്കാമോ? | (എ) | എം.എൽ.എമാരുടെ ആസ്തി വികസന ഫണ്ടും കിഫ്ബി ഫണ്ടും (50% എം.എൽ.എ ആസ്തിവികസന ഫണ്ട്, 50% കിഫ്ബി ഫണ്ട്) ഉപയോഗിച്ച് സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലേയും ഓരോ ആശുപത്രിയിൽ വീതം 10 കിടക്കകൾ വീതമുള്ള ഐസോലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ആരംഭിക്കുവാൻ പോകുന്ന ഐസോലേഷൻ വാർഡുകളുടെ നിലവിലെ നിർമ്മാണ സ്ഥിതിഗതി മണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br><u>1. മഞ്ചേശ്വരം മണ്ഡലം- സാമൂഹ്യാരോഗ്യ കേന്ദ്രം മംഗൽപ്പാടി</u><br><br>പദ്ധതി പ്രദേശം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സജ്ജമായതിനാൽ സൈറ്റ് KMSCL ന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br><u>2. കാസർഡോഡ് മണ്ഡലം - ജനറൽ ആശുപത്രി, കാസർഗോഡ്</u><br><br>പദ്ധതി പ്രദേശം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സജ്ജമായതിനാൽ സൈറ്റ് KMSCL ന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br><u>3. ഉദുമ മണ്ഡലം- സി.എച്ച്.സി പെരിയ</u><br><br>നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br><u>4.കാഞ്ഞങ്ങാട് മണ്ഡലം- താലൂക്ക് ആശുപത്രി, പനത്തടി (പൂടംകല്ല്)</u><br><br>ഐസോലേഷൻ വാർഡ് നിർമ്മാണത്തിന് പൂടംകല്ല്ല് സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ സ്ഥലം വിട്ടു നൽകുന്നതിന് ബാങ്ക് സന്നദ്ധത |

| | | | |
|---|---|---|---|
| | | | **അറിയിച്ചതിൻ പ്രകാരം ആരോഗ്യവകുപ്പിന് സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**5. തൃക്കരിപ്പൂർ മണ്ഡലം - താലൂക്ക് ആശുപത്രി നീലേശ്വരം**<br><br>**പദ്ധതി പ്രദേശം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സജ്ജമായതിനാൽ സൈറ്റ് KMSCL ന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.** |

സെക്ഷൻ ഓഫീസർ